ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/12/2014*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*

# श्री पूज्यपाद स्वामी श्रद्धानन्दजी का संदेश
## आर्य जाति के नाम

(स्वा० धर्म देव विद्या वाचस्पति मंगलोर द्वारा)

प्रिय आर्य जाति मेरा, सन्देश मत भुलाना ।
शुद्धि के काम में तन, मन और धन लगाना ॥ ॥ १ ॥
ज़िन्दा अगर जगत में, रहना तू चाहती है ।
तब संगठन बना कर, ताक़त को आज़माना ॥ २ ॥
आपस का जो कलह है, जिस से नहीं सुलह है ।
ईर्षा व द्वेष जो है, सब को परे भगाना ॥ ३ ॥
जिन को अछूत समझे, मज़बूत पूत मां के ।
उद्धार प्रेम से कर, उनको गले लगाना ॥ ४ ॥
इस जाति डूबती का, गुरु कुल है इक सहारा ।
वह वाटिका मनोहर, मेरी सदा बढ़ाना ॥ ५ ॥
पूरा न होने पाया, जीवन का काम मेरा ।
सच्ची लगन दिखा कर, पूरा उसे कराना ॥ ६ ॥
स्वाधीन देश अपना, मैं चाहता सदा था ।
उस के लिये परस्पर, सब भेद भूल जाना ॥ ७ ॥
दासत्व की जंज़ीरों, से तुम सभी बंधे हो ।
पा कर स्वराज्य सारी, वे बेड़ियां कटाना ॥ ८ ॥
ग़फ़लत की नींद में तुम, कब तक पड़े रहोगे ।
धन मान खो चुके हो, हस्ती न अब मिटाना ॥ ९ ॥
चूहों व बिल्लियों में, सम्भव न मेल सच्चा ।
स्थिर ऐक्य के लियें भी, दृढ़ आप बन दिखाना ॥१०॥
यह पावनी मनोहर, शुभ शुद्धि रूप गङ्गा ।
सब से गले मिला कर, इस में सदा नहाना ॥ ११ ॥
विद्वेष दूर कर के, व्रत शुद्ध सत्य धर के ।
तुम धर्म देशहित में, निज रक्त तक बहाना ॥ १२ ॥

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം


ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 2 ലക്കം 6

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 മാർഗ്ഗശീർഷ – പൗഷ
1190 വൃശ്ചികം – ധനു 2014 ഡിസംബർ

വാർഷിക വരിസംഖ്യ: ₹ 60 ദീർഘകാലം: ₹1000/-



## സ്വാമി ശ്രദ്ധാനന്ദ് (1856 – 1923)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഡിസംബർ 8 | – | ഭായി പരമാനന്ദ് നിർവ്വാണദിനം |
| ഡിസംബർ 17 | – | രാജേന്ദ്രലാഹിരി രക്തസാക്ഷിദിനം |
| ഡിസംബർ 19 | – | രാം പ്രസാദ് ബിസ്മിൽ, അഷഫാഖുള്ളാഖാൻ, രോഷൻസിംഗ് എന്നിവരുടെ രക്തസാക്ഷിദിനം |
| ഡിസംബർ 23 | – | സ്വാമി ശ്രദ്ധാനന്ദ് രക്തസാക്ഷിദിനം |

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



*മണ്ഡലം 1 സൂക്തം 4*

*മധുഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാഃ ഗായത്രി ഛന്ദഃ ഷഡ്ജഃ സ്വരഃ*

**സുരൂപകൃത്നുമൂതയേ സുദുഘാമിവ ഗോദുഹേ |**
**ജുഹൂമസി ദ്യവിദ്യവി ||**

*(ഋഗ്വേദം 1.4.1)*

**പദാർത്ഥം:** (ഇവ) പാൽ ആഗ്രഹിക്കുന്ന മനുഷ്യർ (ഗോദുഹേ) പാൽ കറക്കുന്നതിനായി (സുദുഘാമ്) സുലഭമായികറക്കാവുന്ന പശുക്കളുടെ പാൽ കറന്ന് തങ്ങളുടെ കാമനകളെ പൂർണ്ണമാക്കുന്നു. അതേപോലെ നമ്മൾ (ദ്യവിദ്യവി) എല്ലാ ദിവസവും തങ്ങളുടെ അടുത്തുള്ള മനുഷ്യർക്ക് (ഊതയേ) വിദ്യാപ്രാപ്തിക്കായി (സുരൂപകൃത്നുമ്) പരമേശ്വരൻ സ്വന്തം പ്രകാശത്താൽ എല്ലാ പദാർത്ഥങ്ങളേയും ഉത്തമരൂപയുക്തമാകുന്നവനായതിനാൽ അദ്ദേഹത്തെ (ജുഹൂമസി) സ്തുതിക്കുന്നു.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണ്. എങ്ങിനേയാണോ മനുഷ്യർ പശുവിന്റെ പാൽ ഉപയോഗിച്ച് സ്വയം പ്രയോജനം നേടുന്നത് അതേപോലെ വിദ്വാനും ധാർമ്മികനുമായ പുരുഷൻ പരമേശ്വരന്റെ ഉപാസനകളാൽ ശ്രേഷ്ഠവിദ്യാദി ഗുണങ്ങൾ നേടി തങ്ങളുടെ കർമ്മങ്ങൾ പൂർണ്ണമാക്കട്ടെ.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

5. വേദങ്ങൾ ലൗകിക സംസ്കൃതഭാഷയിലല്ല. ദേവവാണിയാലാണ്. സംസ്കൃതഭാഷ വേദങ്ങളുടെ ഭാഷയിൽ നിന്നും ഉടലെടുത്തതാണ്. മറ്റു ഭാഷകളെല്ലാം സംസ്കൃതത്തിൽനിന്നും.
6. വേദങ്ങളിൽ ഇതിഹാസങ്ങളില്ല. വേദങ്ങളുടേത് യൗഗിക ശബ്ദമാണ്. രൂഢമല്ല. അതായത് വേദങ്ങളിൽ മനുഷ്യരുടെ പേരിനു സമാനമായ ശബ്ദങ്ങളുണ്ട്. അവ വ്യക്തികളുടെ നാമങ്ങളല്ല. ഗുണവാചികളാണ്. അവർ മനുഷ്യരല്ല.
7. ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയവരുടെ കൽപ്പിതമായ അവതാരവർണ്ണന വേദങ്ങളിലില്ല.

(തുടരും)

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## 'സത്യപ്രകാശം' വൈദിക ശില്പശാല

*ഭിന്ദ്യതേ ഹൃദയ ഗ്രന്ഥിശ്ഛിന്ദ്യന്തേ സർവ്വ സംശയാഃ*
*ക്ഷീയന്തേ ചാസ്യ കർമ്മാണി തസ്മിൻ ദൃഷ്ടേ പരാവരേ*
*(മുണ്ഡകോപനിഷത്ത് 2.2.8)*

### ഈശ്വരനുണ്ടോ?......

ഈ ചോദ്യം ഒരിക്കലെങ്കിലും ഏവരുടെയും മനസ്സിൽ ഉയർന്നുവന്നിട്ടുണ്ടാവാം. ചിലരത് പരസ്യമായി പ്രകടിപ്പിക്കുമ്പോൾ മറ്റു ചിലർ ഭയംമൂലം ഇത് ചർച്ച ചെയ്യാനോ പഠിക്കാനോ തയ്യാറാവുന്നില്ല. ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ ഈശ്വരനെ കണ്ടിട്ടുണ്ട് എന്ന് ഉറപ്പിച്ച് പറയാനാകുമോ? നാസ്തികരുടെ ഇത്തരം ചോദ്യങ്ങൾക്കുമുമ്പിൽ പലരും ചൂളിപ്പോയിട്ടില്ലേ!

പ്രത്യക്ഷ-പരോക്ഷ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുക, ഈശ്വരൻ, പുനർജന്മം, ജീവാത്മ-പരമാത്മ ബന്ധം എന്നിവയുടെ വൈദിക കാഴ്ച്ചപ്പാട് വിശദമാക്കുക, വേദവിരുദ്ധമായ മന്ത്രവാദം, ആഭിചാരക്രിയകൾ, കൈനോട്ടം, മഷിനോട്ടം, ഫലജ്യോതിഷം, മൃഗബലി തുടങ്ങിയ അനാചാരങ്ങളെ തുറന്ന് കാട്ടുകയും ചെയ്ത് സമാജത്തിൽ ആസ്തിക്യബോധം വളർത്തുക എന്ന സദുദ്ദേശത്തോടെ ഋഷീശ്വരന്മാരുടെ പാത പിന്തുടർന്ന് ബുദ്ധിയുടേയും ശാസ്ത്രപ്രമാണങ്ങളുടേയും പിന്തുണയോടെ ഒരു പഠനശിബരം 'ലൈറ്റ് ഓഫ് ട്രൂത്ത് അഥവാ സത്യപ്രകാശം' 2014 ഡിസംബര് 21 മുതൽ 23 വരെ വെള്ളിനേഴി പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുലം മഹാവിദ്യാലയത്തിൽ വെച്ച് നടക്കുന്നു. ആര്യജഗത്തിലെ പ്രസിദ്ധ പണ്ഡിതനായ ആചാര്യ ആര്യ നരേശ്ജിയുടെ മാർഗ്ഗദർശനത്തിൽ നടക്കുന്ന ഈ ശിബിരത്തിൽ വർണ്ണ-വർഗ്ഗ-ലിംഗ ഭേദമന്യേ ജിജ്ഞാസുക്കളായ ആർക്കും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 9562529095, 9446017440 Email: aryasamajvellinezhi@gmail.com.

**ആര്യസമാജം, വെള്ളിനേഴി**

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി**    **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



**പാ**ണിനീയ വ്യാകരണവും മഹാഭാഷ്യവും ദയാനന്ദൻ വിരജാനന്ദനിൽ നിന്നും പഠിച്ചു. തുടർന്ന് ഉപനിഷത്ത്, മനുസ്മൃതി, ബ്രഹ്മസൂത്രം, പാതഞ്ജലയോഗസൂത്രം തുടങ്ങിയ ഗ്രന്ഥങ്ങളും അധ്യയനം ചെയ്തു. ഇപ്രകാരം വേദ-വേദാംഗങ്ങൾ പഠിച്ച് സ്വാമി പൂർണ്ണപണ്ഡിതനായി തീർന്നു.

## മത – മതാന്തരങ്ങളുടെ ഖണ്ഡനം

ഋഷികൃതഗ്രന്ഥങ്ങളെ തിരസ്കരിച്ച് മനുഷ്യകൃതമായ പുസ്തകങ്ങൾ പഠിച്ച് അവയുടെ പ്രചാരം വർദ്ധിച്ചതാണ് മതമതാന്തരങ്ങളുടെ ആവിർഭാവത്തിന് കാരണമെന്ന് സ്വാമി വിരജാനന്ദൻ മനസ്സിലാക്കിയിരുന്നു. മനുഷ്യകൃതമായ ഇത്തരം ഗ്രന്ഥങ്ങളിൽ വളരെയധികം അസാംഗത്യങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞിരിക്കുന്നുവെന്ന് സ്വാമി വിരജാനന്ദൻ പറയുമായിരുന്നു. ഖണ്ഡനം ചെയ്യേണ്ട വിധത്തേക്കുറിച്ച് അദ്ദേഹം സ്വാമി ദയാനന്ദന് നന്നായി പഠിപ്പിച്ചുകൊടുത്തു. ഏതെല്ലാമാണോ ഋഷിമാരാൽ നിർമ്മിക്കപ്പെട്ട ഗ്രന്ഥങ്ങളെന്നും മനുഷ്യരാൽ ഉണ്ടാക്കിയവയെന്നും തിരിച്ചറിയാനുള്ള കഴിവ് ദണ്ഡിജി ദയാനന്ദന് ഉപദേശിച്ചു.

*(തുടരും)*

**REMOVE SUPERSTITION AND IGNORANCE**



The world is fettered by the chain forged by superstition and ignorance. I have come to snap asunder that chain and to set slaves at liberty. It is contrary to my mission to have people deprived of their freedom.

Maharshi Dayananda Saraswathi

*നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)*
*വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.*






# ദയാനന്ദ സന്ദേശം

**ആര്യസമാജത്തിന്റെ മുഖപത്രം**

**വൈദിക–ദാർശനിക മാസിക**

**പുസ്തകം : 2**    **ലക്കം 6**

**വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 മാർഗ്ഗശീർഷ – പൗഷ**
**1190 വൃശ്ചികം – ധനു 2014 ഡിസംബർ**

**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ആര്യോദ്ദേശ്യ രത്നമാല | : | 7 |
| സത്യപ്രകാശം പാഠാവലി | : | 9 |
| സംശയനിവാരിണി | : | 10 |
| ജീവിതം ഒരലയാഴി | : | 11 |
| ഉപദേശ മഞ്ജരി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 14 |
| വാർത്തകൾ | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് – 679 504**
**Ph: 9562529095, 9446017440**
**Email: dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/vellinezhi**


## മുഖവാണി

### രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ



**ഭാ**രതത്തിന്റെ സാമൂഹ്യ-നവോത്ഥാന-ദേശീയ രംഗത്ത് ആര്യസമാജത്തിന്റെ സംഭാവന സുവർണ്ണാക്ഷരങ്ങളാൽ എഴുതപ്പെട്ടതാണ്. ആര്യനെന്നത് ഏതെങ്കിലും ജാതിയുടേയോ വർഗ്ഗത്തിന്റേയോ സാമുദായിക വിഭാഗത്തിന്റെയോ പേരല്ല. മറ്റുള്ളവരുടെ ദുഃഖങ്ങളും കഷ്ടപ്പാടുകളും സ്വന്തം ദുഃഖമായും കഷ്ടതകളുമായി കണ്ട് അവ പരിഹരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുന്നവനാണ് ആര്യൻ. ഒരു കുട്ടിയുടെ മഹത്വം അവൻ എന്നും കുട്ടിയായിരിക്കുന്നതിലല്ല. അയാൾ വളർന്നു വലുതായി മഹാനായി തീരുമ്പോഴാണ്. ലോകം മുഴുവൻ ഖ്യാതി ഉള്ളവനായി തീരുമ്പോഴാണ്. അയാളുടെ കാലശേഷവും ലോകം അദ്ദേഹത്തെ ഓർക്കും. മനുഷ്യന്റെ യഥാർത്ഥ സ്വരൂപം അയാളിലെ മനുഷ്യത്വമാണ്. അയാളാണ് ആര്യൻ.

ആര്യസമാജത്തിന്റേയും വൈദികധർമ്മത്തിന്റേയും ആശയങ്ങളിൽ ആകൃഷ്ടരായി സമാജത്തിനുവേണ്ടി ജീവിതം സമർപ്പിച്ച നിരവധി പേരുടെ സ്മൃതി ദിന

*സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)*
*ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.*
*ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.*

ങ്ങൾ വരുന്ന മാസമാണ് ഡിസംബർ. അതിൽ പ്രമുഖനായിരുന്നു സ്വാമി ശ്രദ്ധാനന്ദൻ. കേരളവുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്ന സ്വാമിജി 1921 ലെ മലബാർ കലാപ സമയത്ത് നടത്തിയ ദുരിതാശ്വാസപ്രവർത്തനങ്ങളും സാമൂഹ്യനവോത്ഥാന സമരങ്ങളായ വൈക്കം സത്യാഗ്രഹം, പാലക്കാട് കൽപ്പാത്തി രഥോൽസവുമായി ബന്ധപ്പെട്ട് അയിത്തക്കാരെന്നു പറഞ്ഞ് ഒരു വിഭാഗം ജനങ്ങളെ മാറ്റിനിർത്തുന്നതിനെതിരെ നടത്തിയ പ്രക്ഷോഭങ്ങളും അവിസ്മരണീയങ്ങളാണ്. സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളി, ദലിതോദ്ധാരകൻ, വിദ്യാഭ്യാസ വിചക്ഷണൻ, ശുദ്ധിപ്രസ്ഥാനത്തിന്റെ അമരക്കാരൻ എന്നീ നിലകളിൽ വ്യക്തി മുദ്രപതിപ്പിച്ച സ്വാമി ശ്രദ്ധാനന്ദൻ 1926 ഡിസംബർ 23 ന് ഒരു മതഭ്രാന്തന്റെ വെടിയേറ്റ് രക്തസാക്ഷിയായി.

മഹർഷി ദയാനന്ദസരസ്വതിയുടെ വിപ്ലവാശയങ്ങളിൽ നിന്നും ആവേശമുൾക്കൊണ്ട് വൈദേശിക ഭരണത്തിനെതിരായ സമരത്തിൽ പങ്കെടുത്ത് ആത്മാഹുതി നൽകിയ ഭായിപരമാനന്ദ് (ഡിസംബർ 8) രാജേന്ദ്രപ്രസാദ് ലാഹിരി (ഡിസംബർ 17) രാംപ്രസാദ് ബിസ്മിൽ, അഷഫാഖുള്ള ഖാൻ, റോഷൻ സിംഗ് (ഡിസംബർ 19), പണ്ഡിറ്റ് ഗോദാലാൽ ദീക്ഷിത് (ഡിസംബർ 20) തുടങ്ങിയ ധീരദേശാഭിമാനികളേയും നമുക്ക് ഈ അവസരത്തിൽ അനുസ്മരിക്കാം.

**പത്രാധിപർ**



**1921 ലെ മലബാർ കലാപസമയത്ത് ആര്യസമാജം നടത്തിയ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ നിന്നുള്ള ചിത്രങ്ങൾ**




*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





എന്നീ വിഷയങ്ങളെക്കുറിച്ച് മാത്രം പ്രതിപാദിക്കുന്നു. കണാദന്റെ ചിന്തകൾ ആറുപദാർത്ഥങ്ങളുടെ വിവേചനത്തെ ക്രേന്ദ്രീകരിച്ച് പൂർണ്ണമാവുന്നു. ഇതേപോലെ വൈദ്യം, വ്യാകരണം, യോഗശാസ്ത്രം എന്നിവയുടെ വിവരണത്തിനായി പതഞ്ജലി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ചു. എന്നാൽ വേദങ്ങൾ അനന്തവിജ്ഞാനങ്ങളുടെ കേന്ദ്രമാണ്. അതിനാലാണിത് മനുഷ്യകൃതമല്ലാ, ഈശ്വരീയ നിർമ്മിതമെന്നു പറയുന്നത്. വേദങ്ങളിൽ സർവ്വവിദ്യകളുടേയും മൂലതത്ത്വങ്ങളുടെ ദർശനം കാണാവുന്നതാണ്. ഉദാഹരണത്തിന്

**വാരാഹ്യോപാനഹോപനഹ്യാമി സഹസ്രാരിത്രാം ശതാരിത്രാം നാവമിത്യാദി**
**ഏകാ ച മേ തിസ്രശ്ച മേ പഞ്ച ച മേ**
(ശതാരിത്രാം നാവമ് എന്ന പാഠം ഋഗ്വേദം 1.116.5 ൽ കാണുന്നു)

ഒന്നാമത്തെ ഉദ്ധരണത്തിൽ രചനാവിശേഷം (ഉപാനഹ് = ചെരുപ്പുനിർമ്മാണം) വിവരിക്കുന്നു. രണ്ടാമത്തേതിൽ കപ്പൽനിർമ്മാണ ശാസ്ത്രത്തെ നിരൂപിക്കുന്നു.

ഈശ്വരൻ എന്തുകൊണ്ടാണ് എല്ലാവിദ്യകളുടെയും മൂലതത്ത്വം മാത്രം പ്രകാശിപ്പിച്ചത് - പൂർണ്ണ വിവരണം നല്കാത്തത് - എന്നിങ്ങനെ ആരെങ്കിലും ചോദിച്ചാൽ എന്റെ ഉത്തരമിതാണ്. മനുഷ്യബുദ്ധിയുടെ നിർമ്മാണവും വികാസവും കൂടി ഈശ്വരൻ വ്യവസ്ഥ ചെയ്യുന്നുവെന്നാണ്.

*(തുടരും)*


## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – | ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95.00 |
| (3) | ആര്യോദയം | – | ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35.00 |
| (8) | Dayananda the Great | – | ₹ 5.00 |

*(പോസ്റ്റേജ് ചിലവ് പുറമെ)*


*ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

മഹർഷി ദയാനന്ദ സരസ്വതി
തർജ്ജമ: കെ.എം. രാജൻ




**ഇ**ത്തരം കഠിനപദങ്ങളടങ്ങിയ പരിഷ്കാരങ്ങളുടെ ഭാഷ്യങ്ങളും പാണ്ഡിത്യസൂചകമാണെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ - കാക്കകൾ പരസ്പരം കലഹിക്കുമ്പോൾ അവയുടെ ശബ്ദം ആർക്കെങ്കിലും ഗ്രഹിക്കാനാവില്ല. ഗ്രഹിക്കാനാവാത്തതു കാരണം കാകഭാഷണത്തിന് പാണ്ഡിത്യമുണ്ടെന്ന് ആരെങ്കിലും പറയുമോ? (ഒരിക്കലുമില്ല). വാക്കുകളുടെ സുലഭതയും അർത്ഥഗാംഭീര്യവും ഈ സാമർത്ഥ്യത്തിന് പ്രമാണമാണ്. ക്ലേശം കൂടാതെ ജ്ഞാന പ്രാപ്തി ലഭിക്കുന്നത് ഈശ്വരീയ കൃതിയുടെ ലക്ഷണമാണ്.

"ശക്യതാവച്ഛേകശക്യതാവച്ഛിന്ന" എന്ന് സുലഭമായ വാക്കുകളിലൂടെ ഭഗവാൻ വാത്സ്യായനൻ പറയുന്നത് നോക്കൂ.

പ്രമാതുഃ പ്രമാണാനി പ്രമേയാധിഗമാർത്ഥാനീതി ശക്യപ്രാപ്തിഃ |)

(ന്യായദർശനം 1.1.32)

ഈ വാക്ക്സുലഭതയുടെ കാരണത്താലാണ് വാത്സ്യായനൻ മഹാപണ്ഡിതനായതും ആധുനിക പണ്ഡിതന്മാരേക്കാളും വളരെ മുന്നിൽ നിൽക്കുന്നതും. മാത്രവുമല്ല വാത്സ്യായനന്റെ ഭാഷയേക്കാളും വേദഭാഷ വളരെയധികം സരളവുമാണ്.

**3. മൂന്നാമത്തെ പ്രമാണം:** വേദങ്ങളിൽ നിന്ന് അനേകം വിദ്യകളും ശാസ്ത്രങ്ങളും സിദ്ധിക്കുന്നു.

**നമോസ്തു രുദ്രേഭ്യോ യേ ദിവി യേഷാം വർഷമിഷവഃ |**
**തേഭ്യോ ദശ പ്രാചീർദശ ദക്ഷിണാ ദശ പ്രതീചീർദശോദീചിർദശോർധ്വാഃ |**
**തേഭ്യോ നമോ അസ്തു തേ നോവന്തു തേ നോ മൃഡയന്തു**
**തേ യം ദ്വിഷ്മോ യശ്ച നോ ദ്വേഷ്ടി തമേഷാം ജംഭേ ദധ്മഃ |**

(യജുർവേദം 16.64)


മനുഷ്യരാൽ നിർമ്മിക്കപ്പെട്ട പുസ്തകങ്ങളിൽ ഒരേ ഒരു വിഷയം മാത്രമേ പ്രതിപാദിക്കപ്പെടുകയുള്ളു. ജൈമിനി മഹർഷിയുടെ ഗ്രന്ഥത്തിൽ ധർമ്മം ധർമ്മി

*ഓം ആ നോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)*
*ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ*





(മുൻ ലക്കത്തിന്റെ തുടർച്ച)



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി
തർജ്ജമ: കെ.എം. രാജൻ

## പാഠം- 11 ആര്യസമാജത്തിന്റെ കാര്യപദ്ധതി

***ചോദ്യം: ആര്യസമാജത്തിന്റെ മുഖ്യ ഉദ്ദേശമെന്താണെന്നാണ് ഋഷി ദയാനന്ദൻ പറഞ്ഞിരിക്കുന്നത്?***

***ഉത്തരം:*** ലോകത്തിന് ഉപകാരം ചെയ്യലാണ് ഈ സമാജത്തിന്റെ മുഖ്യ ഉദ്ദേശം. അർത്ഥാത് ശാരീരികവും ആത്മികവും സാമാജികവുമായ ഉന്നതിയുണ്ടാക്കുക. ഈ ആറാമത്തെ നിയമത്തിലൂടെ ഋഷി ദയാനന്ദൻ ആര്യസമാജത്തിന്റെ ഉദ്ദേശത്തെ സ്പഷ്ടമാക്കിയിട്ടുണ്ട്.

***ചോദ്യം: ഈ ഉദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിനായി ആര്യസമാജം നടത്തിയ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്.***

***ഉത്തരം:*** ഈ ഉദ്ദേശപൂർത്തീകരണത്തിനായി ആര്യസമാജം നടത്തിയ പ്രവർത്തനങ്ങളുടെ ഒരു ചെറു വിവരണം ഇവിടെ കൊടുക്കുന്നു.

(1951 നു മുമ്പുള്ള വിവരണമാണിത്)

അനാഥാലയങ്ങൾ 45, കന്യാ മഹാവിദ്യാലയങ്ങൾ 4, ആൺകുട്ടികളുടെ ഗുരുകുലങ്ങൾ 28, പെൺകുട്ടികൾക്കുള്ള പ്രൈമറി സ്കൂളുകൾ 700, കന്യാഗുരുകുലങ്ങൾ 4, രാത്രിപാഠശാലകൾ 142, സംസ്കൃത പാഠശാലകൾ 300, ഹരിജന-ദളിത് വിദ്യാലയങ്ങൾ 322, ആൺകുട്ടികളുടെ പ്രൈമറിസ്കൂളുകൾ 192, മിഡിൽ സ്കൂൾ 154, ഹൈസ്കൂൾ 200, കോളേജുകൾ 10, ദളിതോദ്ധാരസഭകൾ 43, ശുദ്ധി സഭകൾ 37, പ്രസിദ്ധീകരണ സ്ഥാപനങ്ങൾ 100 (ഏകദേശം), ആര്യപ്രസ്സ് 30, പത്രങ്ങൾ 50, സാധു ആശ്രമങ്ങൾ 11, ധർമാർത്ഥ ഔഷധാലയങ്ങൾ 14, വിധവാശ്രമങ്ങൾ 41.

***ചോദ്യം: ഈ സമയത്ത് ലോകത്ത് എത്ര ആര്യസമാജങ്ങളുണ്ട്?***

***ഉത്തരം:*** ലോകമെമ്പാടുമായി ഏകദേശം 2500 ആര്യസമാജങ്ങളുണ്ട് (ഇതും 1951 നു മുമ്പുള്ളതാണ്.)

കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 - 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!

***ചോദ്യം: ആര്യപ്രചാരകന്മാരുടെ (ദക്ഷിണ സ്വീകരിച്ചും അല്ലാതെയുമുള്ളവർ) സംഖ്യ ഏകദേശം എത്രയാണ്?***

***ഉത്തരം:*** ഏകദേശം 923 പ്രചാരകന്മാരുണ്ട്.

***ചോദ്യം: ഭാരതത്തിനു പുറത്തും ആര്യസമാജങ്ങളുണ്ടോ? അവിടേയും പ്രചാരകർ പ്രവർത്തിക്കുന്നുണ്ടോ?***

***ഉത്തരം:*** ഭാരതത്തിനുപുറമേ കിഴക്കൻ-തെക്കൻ ആഫ്രിക്ക, ഫിജി, ബ്രിട്ടീഷ് ഡച്ച് ഗയാന, ദക്ഷിണ അമേരിക്ക, ട്രിനിഡാഡ് എന്നിവിടങ്ങളിൽ ആര്യ സമാജങ്ങളുണ്ട്. സാർവ്വദേശിക് ആര്യ പ്രതിനിധി സഭയോട് ബന്ധപ്പെടുത്തിയ ആര്യ പ്രതിനിധിസഭകളും ഈ രാജ്യങ്ങളിലുണ്ട്. ആര്യസംസ്കൃതി, ധർമ്മപ്രചാരം, ഹിന്ദിപ്രചാരം എന്നിവയിലേർപ്പെട്ട നിരവധി ആര്യപ്രചാരകർ അവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

***ചോദ്യം: വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ആര്യസമാജം പ്രതിവർഷം എത്രരൂപ ചിലവാക്കുന്നുണ്ട്?***

***ഉത്തരം:*** ഏതാണ്ട് 20 ലക്ഷത്തോളം രൂപ ആര്യസമാജം വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കായി *ചിലവഴിക്കുന്നു*.

***(തുടരും)***


**ദയാനന്ദ സന്ദേശം വൈദികമാസിക**



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch**


*മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ*
*(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്*
*ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



**സ**മയം അസ്തമയത്തോടടുത്തിരിക്കുന്നു. തന്നിലർപ്പിക്കപ്പെട്ട കൃത്യങ്ങളെല്ലാം അവിലോപം തീർത്ത് ക്ഷീണിതനാണെങ്കിലും കൃതകൃത്യതാബോധത്തോടെ നവീനത വീണ്ടെടുക്കാനെന്നു തോന്നുംവണ്ണം ഉഷാ ഗർഭത്തിലേക്ക് വയോവൃദ്ധനെന്നോണം മന്ദം മന്ദം മറയുന്ന സൂര്യദേവൻ പാകം വന്ന പൊൻകതിർചാർത്തുകളാൽ വികലചിത്തനായ പാച്ചനേ തഴുകി സമാശ്വസിപ്പിച്ചു.

"പരിഭ്രമിക്കേണ്ട കുഞ്ഞേ! പുറനാട്ടുകരയിലേക്ക് വേഗം നീങ്ങട്ടെ. അവിടെ നിന്ന് നിനക്കുവേണ്ട മാർഗ്ഗദർശനം കിട്ടും. അതനുസരിച്ച് ഭാവിനെയ്തെടുക്കുക."

റോഡിന്റെ ഇടതുവശത്ത് - കിഴക്ക് വശത്തുള്ള മൊട്ടച്ചരൽ കുന്നിൻമുകളിൽ കഷണ്ടിമണ്ടയിലെന്നപോലെ അങ്ങിങ്ങായി ഒറ്റപ്പെട്ടുനിൽക്കുന്ന നരകേറിയ രോമസമാനം ഉണക്കം ബാധിച്ച പുല്ലിൻനാമ്പുകൾ കാറ്റത്ത് ധൃതിയിൽ എന്തൊക്കെയൊകുറിക്കുകയാണ്. മഹാഭാരതവ്യാഖ്യാനമായിരിക്കുമോ ആവോ. ഭാരതത്തിലില്ലാത്തത് ലോകത്തിൽ കാണില്ല. ലോകത്തിലില്ലാത്തത് ഭാരതത്തിലും എന്നാണ് ചരിത്രപണ്ഡിതൻമാർ പറയാറ്. അതുകൊണ്ടത് മനുഷ്യകൃതമാണെങ്കിലും അഞ്ചാം വേദമെന്ന പേരിൽ വിശേഷിപ്പിക്കപ്പെട്ടു എന്ന് തെക്കൻ വൈക്കനാമത്തിലറിയപ്പെടുന്ന കിള്ളികുർശ്ശി മഹാദേവക്ഷേത്രത്തിലെ തേവര സേവ കാലത്ത് ഊണും കഴിഞ്ഞ് ഗോപുരത്തിലിരുന്ന് സൊറപറയുമ്പോൾ വിദ്വാൻ സൂക്കരശ്ശീരി അച്ഛൻ നമ്പൂതിരി പറയുന്നത് കേട്ടിട്ടുണ്ട് പാച്ചൻ. അയാൾക്കത് ഓർമ്മ വന്നു.

പാച്ചൻ ആ കുന്നിൻമുകളിലേക്ക് തന്നെ നടന്നു. റോഡ് വക്കത്ത് മൂത്രമൊഴിക്കാനിരുന്നു. ആ തൃണലേഖനം എന്തെന്നറിയാൻ വേണ്ടി. പക്ഷെ പ്രകൃതിയുടെ വികൃതിയേപറ്റി ഹരിഃ ശ്രീ അറിയാത്ത ആ ശുദ്ധാത്മാവിനെന്തറിയാൻ കഴിയും? അയാൾക്കൊന്നും മനസ്സിലായില്ല മൂത്രമൊഴിച്ച് എഴുന്നേറ്റ് അയാൾ മുന്നോട്ടു നടന്നു. അയാളുടെ ചിന്താഗതി ബസ്സിലേക്ക് തിരിഞ്ഞു.

"ഹായ്. എന്തൊരു തിരക്കാ ബസ്സിലുണ്ടായിരുന്നത്. തൃശ്ശൂർ പൂരത്തിന് കുടമാറ്റസമയത്തെ തിരക്ക്. സാരമില്ല.അത്രക്കുണ്ടായിരുന്നു. 'പുകവലി നിരോധം' വെണ്ടക്കാക്ഷരത്തിൽ എഴുതിവച്ചിരിക്കുന്നു. പക്ഷെ ഇങ്ങിനെ ഞെരുങ്ങി ജനം കൺതുറിക്കുന്ന ബസ്സിനുള്ളിൽ ജോലിക്കാരടക്കം വലിച്ചുവിടുന്ന സിഗരറ്റിന്റേയും ബീഡിയുടേയും മറ്റും പുകപടലം അഗ്നിബാധിതപ്രദേശം പോലെ പരന്നുപാറി ശ്വാസം മുട്ടിക്കുന്നു. ഇരിക്കുന്നവർ നിൽക്കുന്നവരെ അവഗണിച്ച് പുച്ഛിക്കുന്നുവെങ്കിൽ തൂങ്ങിപിടിച്ചുനിന്നാടുന്നവർ ശപിക്കുകയാണ് ഇരിക്കുന്നവരെ."

***(തുടരും)***

*വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)*
*എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ?= സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ചോദ്യം 24 : ഈശ്വരനും സുഖദുഃഖങ്ങളുണ്ടോ?**

**ഉത്തരം:** ദുഃഖം, സുഖം, ഈർഷ്യ, ദ്വേഷം, ഇച്ഛ എന്നിവയെല്ലാം ജീവന്റെ ലക്ഷണങ്ങളാണ്. എപ്പോഴാണോ ആത്മാവ് ശരീരരൂപം ധരിക്കുന്നത് അതായത് ഭൗതികശരീരത്തിൽ പ്രവേശിക്കുന്നത് അപ്പോൾ മുതൽ സുഖദുഃഖങ്ങളുടെ സഹവാസവും ആരംഭിക്കുന്നു. ഈശ്വരൻ ശരീരമില്ലാത്തവനാണ് (യജുർവേദം 40.8). നിരാകാരനാണ്. അങ്ങിനേയിരിക്കേ സുഖദുഃഖങ്ങളുടെ പ്രശ്നം തന്നെ ഉദിക്കുന്നില്ല.

വൈദിക സിദ്ധാന്തമനുസരിച്ച് ആരാണോ കർത്താവ് അയാൾതന്നെയാണ് ഭോക്താവ്. ജീവാത്മാവ് ശരീരത്തിൽ പ്രവേശിച്ച് കർമ്മങ്ങൾ ചെയ്യുകയും ആ കർമ്മ ഫലങ്ങൾ (സുഖമായാലും ദുഃഖമായാലും) അനുഭവിക്കുകയും ചെയ്യുന്നു. ഈശ്വരൻ ആനന്ദസ്വരൂപനാണ്. പരിപൂർണ്ണനായ ഈശ്വരന് എങ്ങിനെ ക്ലേശങ്ങളുണ്ടാകും?

"അനശ്നനന്യോ അഭിചാകശീതി" (ഋഗ്വേദം 1.164.20)

അതായത് പരമാത്മാവ് ഭോക്താവല്ല. സാക്ഷിമാത്രമാണ്. എല്ലാ വികാരങ്ങളിൽ നിന്നും മുക്തനാണ്. വേദങ്ങളിൽ ഈശ്വരനെ 'വൃജൻ' (ഋഗ്വേദം 1.61.4) എന്നു പറയുന്നു. വൃജൻ എന്നാൽ ദുഃഖമില്ലാത്തവൻ എന്നർത്ഥം. ഈശ്വരൻ ഭോക്താവല്ല സാക്ഷിമാത്രമാണ്. ദുഃഖം ഭോഗത്തിൽ പെടുന്നതാണ്. (ഋഗ്വേദം 10.164.20) ഈശ്വരൻ നിർവ്വികാരനാണ് (ഋഗ്വേദം 8.47.9, 1.162.22, 10.113.3, 1.164.39)

**അകാമോ ധീരോ അമൃതഃ സ്വയംഭൂ രസേന തൃപ്തോ ന കൃതശ്ചനോനഃ**
**തമേവ വിദ്വാൻ ന ബിഭായ മൃത്യോരാത്മാനം ധീരമജരം യുവാനാമ്**
(അഥർവവേദം 10.8.44)

ഈശ്വരൻ ശരീരധാരണം നടത്തുന്നില്ല. അദ്ദേഹം സർവ്വവ്യാപിയാണ്. അതുകൊണ്ട് അദ്ദേഹം ശരീരം ധരിക്കുന്നത് അസംഭവമാണ്. അദ്ദേഹം എപ്പോഴും നിർമ്മലനും ജനനമരണം, സുഖദുഃഖങ്ങൾ, രാഗദ്വേഷാദികൾ തുടങ്ങിയ വികാരങ്ങളൊന്നും ഇല്ലാത്തവനുമാണ്.

*(തുടരും)*

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ആര്യോദ്ദേശ്യ രത്നമാല

## മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ: നചികേതസ്

**16. വിദ്യ:** ഏതൊന്നാണോ ഈശ്വരൻ മുതൽ പൃഥിവീപര്യന്തമുള്ള പദാർത്ഥങ്ങളും സത്യ-വിജ്ഞാനം ഉണ്ടാക്കുന്നതും അവയുടെ യഥായോഗ്യമായ പ്രയോജനം നേടിയെടുക്കാൻ കഴിയുന്നതും അതിനെ വിദ്യാ എന്നു പറയുന്നു.

**17. അവിദ്യ:** ഏതൊന്നാണോ വിദ്യക്ക് വിപരീതവും ഭ്രമം, അന്ധകാരം, അജ്ഞാനം എന്നീ രൂപത്തോടുകൂടിയതും അതിനെ അവിദ്യ എന്നു പറയുന്നു.

**18. സത്പുരുഷൻ:** സത്യപ്രിയനും ധർമ്മാത്മാവും പണ്ഡിതനും എല്ലാവരുടെയും ഹിതകാരിയും മഹാശയനുമായവനെ സത്പുരുഷൻ എന്നുവിളിക്കുന്നു. സത്പുരുഷൻമാരുമായുള്ള സംസർഗ്ഗത്താൽ നിരവധി ദോഷങ്ങൾ ദൂരീകരിക്കപ്പെടുന്നു. ദുഷ്ട പുരുഷന്മാരുടെ സംസർഗത്തിലകപ്പെട്ടാൽ മനുഷ്യജന്മം നഷ്ടമായിതീരുന്നു.

**19. സത്സംഗവും കുസംഗവും:** എന്തു ചെയ്താലാണോ അസത്യത്തിൽ നിന്നുള്ള മോചനവും സത്യത്തേ പ്രാപിക്കുകയും ചെയ്യുന്നത് അതിനെ സത്സംഗമെന്നും ഏതൊന്നു ചെയ്താലാണോ പാപങ്ങളിൽ പെട്ടുഴലുന്നത് അതിനെ കുസംഗം എന്നും പറയുന്നു.

**20. തീർത്ഥം:** വിദ്യാഭ്യാസം, സുവിചാരം, ഈശ്വരോപാസന, ധർമ്മാനുഷ്ഠാനം, സത്യത്തിന്റെ സംഗം, ബ്രഹ്മചര്യം, ജിതേന്ദ്രിയത തുടങ്ങിയ ഉത്തമകർമ്മങ്ങളെല്ലാം തീർത്ഥമാണ്. എന്തെന്നാൽ ഇവയെക്കൊണ്ട് ജീവാത്മാവ് ദുഃഖസാഗരത്തെ തരണം ചെയ്യും. ഹരിദ്വാർ, കാശി തുടങ്ങിയ സ്ഥലങ്ങൾ തീർത്ഥങ്ങളല്ല, സ്ഥാനവിശേഷങ്ങളാണ്. അവക്ക് ദുഃഖത്തിൽനിന്ന് മോചനം നല്കാനുള്ള കഴിവില്ല.

**21. സ്തുതി:** ഈശ്വരന്റേയോ മറ്റേതെങ്കിലും വസ്തുവിന്റെയോ ഗുണ-ജ്ഞാന-കഥന-ശ്രവണവും സത്യഭാഷണവും ചെയ്യുന്നത് സ്തുതി എന്നു പറയുന്നു. ആരുടേയും ഗുണദോഷങ്ങളുടെ സത്യവർണ്ണനം നടത്തുന്നത് സ്തുതി എന്നു പറയാം. ആരെയെങ്കിലും പ്രസന്നനാക്കുന്നതിനായി അയാളുടെ ദോഷങ്ങളെ മറച്ചുവെച്ച് അഥവാ മിഥ്യാപ്രശംസ നടത്തുന്നത് സ്തുതി അല്ല. അവ പൊങ്ങച്ചമാണ്. സർവ്വഥാ ത്യാജ്യവുമാണ്. പരമേശ്വരൻ സർവ്വഥാ ദോഷരഹിതനാണ്. അതിനാൽ പരമേശ്വരന്റെ ദയ, ന്യായം തുടങ്ങിയ ഗുണങ്ങളെകുറിച്ച് വർണ്ണിക്കുന്നത് പരമേശ്വരന്റെ സ്തുതിയാണ്.

(തുടരും)

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***

www.aryavaidyasala.com

Kottakkal ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902
കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

Our Branch Clinics across the country

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

*ജാതവേദൻ*

## പാഠം 1
## ഈശ്വരൻ

**14. ഈശ്വരന്റെ 3 ഗുണങ്ങൾ പറയുക.**

1. ന്യായകാരി 2. ദയാലു 3. ജ്ഞാനി

**15. ഈശ്വരന്റെ 3 കർമ്മങ്ങൾ പറയുക**

1. ഈശ്വരൻ സൃഷ്ടി രചന നടത്തുന്നു.
2. ഈശ്വരൻ വേദോപദേശം നടത്തുന്നു
3. ഈശ്വരൻ കർമ്മഫലം നൽകുന്നു

**16. അനന്തമെന്നതിന്റെ അർത്ഥം എന്ത്?**

ഏതൊന്നിനാണോ അവസാനമില്ലാത്തത് അതിനെ അനന്തമെന്നു പറയുന്നു. ഈശ്വരൻ അനന്തനാണ്

**17. ഗണേശൻ എന്നത് ഈശ്വരന്റെ നാമമാണോ? എങ്കിൽ എന്തുകൊണ്ട്?**

ഗണേശൻ എന്നത് ഈശ്വരന്റെ നാമമാണ്. സർവ്വലോകങ്ങളുടേയും സ്വാമിയും പരിപാലിക്കുന്നവനുമായതിനാലാണ് അദ്ദേഹത്തിന് ഗണേശൻ എന്ന നാമം വന്നത്.

**18. 'സരസ്വതി' എന്നതുകൊണ്ടർത്ഥമാക്കുന്നതെന്താണ്?**

സരസ്വതി എന്നത് ഈശ്വരന്റെ ഒരു നാമമാണ്. വിശ്വത്തെക്കുറിച്ചുള്ള സർവ്വജ്ഞാനവും ലഭിക്കുന്നതാരിൽ നിന്നോ അയാളെ സരസ്വതി എന്നു പറയും.

**(തുടരും)**

## SALVATION

I am not anxious about my Salvation. I am particularly anxious for the Salvation of those lakhs of people who are pure, weak and suffering. I do not mind if I may have to take birth again and again. I will attain Salvation when these people will attain it.

**Maharshi Dayananda Saraswathi**

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***